# AMRITA VIDYALAYAM
## ANNUAL EXAMINATION 2017 - '18

**Class : VII** **Marks : 80**
**Time : 2½ hrs**

# മലയാളം

| **GENERAL INSTRUCTIONS:** | |
|---|---|
| Section A: Reading comprehension | - 10 Marks. |
| Section B: Writing | - 16 Marks. |
| Section C: Grammar | - 17 Marks. |
| Section D: Literature | - 37 Marks. |

### എ. വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

നക്ഷത്രങ്ങളുടെ രഹസ്യങ്ങളിലേക്ക് അനുദിനം സഞ്ചരിച്ചു കൊണ്ടിരിക്കുന്ന നാം ഭൂമിയുടെ സുസ്ഥിരതയെക്കുറിച്ചോ സ്വന്തം നിലനിൽപ്പിനെക്കുറിച്ചോ ചിന്തിച്ചവശനാകുന്നില്ലെന്നത് ഒരു കടങ്കഥയാണ്. ഭൂമിയുടെ അമൃതാണ് ജലം. ഈ ജലം സുഗമമായി ഭൂമിയിൽ എത്തിക്കുന്നത് നദികളാണ്. മഴ നൽകുന്ന കൃപാവരം മണ്ണിൽ ചാലിച്ച് ഉറവയായി നദികൾ ഏറ്റുവാങ്ങുന്നു. അവ മണ്ണിന് നനവു നൽകി ഭൂമിയെ ഫലസമൃദ്ധമാക്കുന്നു. നമ്മുടെ നദീജലം ഗാർഹികാവശ്യങ്ങൾക്കുവരെ ഉപയോഗിക്കാൻ പാകത്തിൽ ശുദ്ധമായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് രാസവളമിശ്രിതങ്ങളും കീടനാശിനികളും ജൈവമാലിന്യങ്ങളും ചേർന്നു വിഷത്തിന്റെ കഷായമായി നദികൾ മാറിയിരിക്കുന്നു. നദീജലം മൃഗങ്ങൾക്കുപോലും കുടിനീരായി കൊടുക്കാനാവില്ല. ജലത്തിന്റെ

ഉപമകളിലൊന്നാണ് "കണ്ണാടിപോലെ തെളിഞ്ഞത്" എന്നത്. നദികളിലെ ജലം ആ ഉപമയിൽനിന്നു മാറിയിരിക്കുന്നു. കരിനീലത്തിന്റെയോ പച്ചയുടെയോ നിറമേന്തി ഒരു തരം കട്ടികൂടിയ ദ്രാവകമായി മാറിയിരിക്കുന്നു ജലം!

**ചോദ്യങ്ങൾ.** **10**

1. ഇന്നത്തെ നദികളുടെ അവസ്ഥയെന്ത്?
2. ജലത്തെ സംബന്ധിച്ച ഉപമയെന്ത്?
3. ജലം സുഗമമായി ഭൂമിയിൽ എത്തിക്കുന്നതാര്?
4. നദീജലം കുടിനീരായി കൊടുത്തിരിക്കുന്നതാർക്ക്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

## ബി. വിഭാഗം

**II.a) ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

1. മാധ്യമങ്ങൾക്ക് വിദ്യാഭ്യാസത്തിലുള്ള പ്രാധാന്യം.
2. മിതവ്യയശീലം
3. ജലസംരക്ഷണവും നമ്മുടെ ഭാവിയും.

**b) ആശയവിപുലനം ചെയ്യുക.** **8**

"പണമെന്നുള്ളതു കൈയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരെപ്പോകും."

## സി. വിഭാഗം

**III.a) പ്രയോഗം മാറ്റുക.** **2**

1. ഒരു ചെറിയ തൂക്കുവിളക്ക് രാഘവപ്പണിക്കർ കൊണ്ടുവന്നു.
2. തകഴിയെ അമ്മയാൽ വിളിച്ചുകൊണ്ടു പോകപ്പെട്ടു.

**b) അംഗ അംഗി വാക്യം വേർതിരിക്കുക.** **2**

1. ചിത്രീകരിക്കാൻ പാകത്തിൽ തിരക്കഥ തയ്യാറാക്കുമ്പോൾ അതിനെ ഷൂട്ടിങ് സ്ക്രിപ്റ്റ് എന്നാണു പറയുന്നത്.
2. അധികം താമസിയാതെ രചനാക്ലാസ്സിൽ കഥപറയുന്ന ജോലി എനിക്കായിത്തീർന്നു.

**c) വാക്യതെറ്റ് തിരുത്തുക.** **2**

1. സംസ്കാരത്തിനും ഭാഷയ്ക്കും ദേശഭേദം മാറ്റം കൊണ്ടുള്ള വ്യത്യാസം വേർതിരിച്ച് സാദൃശ്യമത്രേ.
2. ഉമ്മൻസാറും മാഷും എന്റെ കഥാകഥനം കഥപറച്ചിൽ കേട്ടു രസിച്ചതായിട്ടാണ് ഓർമ്മ.

**d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. പച്ചപ്പുൽക്കൊടി 2. ധരിച്ചണഞ്ഞിതു

**e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. മന്ദിരാങ്കണം 2. പഴമൊഴി

**f) പര്യായപദങ്ങൾ എഴുതുക.** **2**

1. പ്രഭാതം 2. മാല

**g) നാനാർത്ഥ പദങ്ങൾ എഴുതുക.** **2**

1. ധരിക്കുക 2. വാസന

**IV. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരമെടുത്തെഴുതുക.**

**a) വിപരീതപദമെഴുതുക.** **1**

വികാസം (ഉചിതം, പരന്ന, സങ്കോചം, കൃത്രിമം)

വാമൊഴി (വാക്മൊഴി, വാങ്മൊഴി, വായ്മൊഴി, വരമൊഴി)

**b) അർത്ഥവ്യത്യാസമെഴുതുക:** **1**

മുഗ്ധം – ദുഗ്ധം (മുഴുവൻ, മനോഹരം, വെള്ള, പാൽ)

കന്ദളം – കുന്ദളം (കതിർ, രശ്മി, നാര്, മുടി)

**c) എതിർലിംഗം എഴുതുക:** **1**

സംവിധായകൻ (വിധായിക, സംവാധിക, സംവിധായിക, സംവിക)

പ്രസിദ്ധ (പ്രസിദ്ധൻ, കുപ്രസിദ്ധൻ, സുപ്രസിദ്ധൻ)

## ഡി. വിഭാഗം

**V.a) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** **2½**

1. 'പ്രഭാതനക്ഷത്രം' എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?
(കരുണ, ലീല, മണിമഞ്ജുഷ, മണിമാല)

2. തണുപ്പുള്ള ജലക്കിടക്കകൾ വിട്ടു തല പെട്ടെന്നുയുർത്തി നിങ്ങൾ നൃത്തം ചെയ്യുക എന്ന് കവി പറയുന്നത് ആരോടാണ്?
(കിളികളോട്, താമരമൊട്ടുകളോട്, അമ്മമാരോട്, കുട്ടികളോട്)
3. 'മലയാളത്തിന്റെ ഓർഫ്യൂസ്' എന്ന് വിശേഷിപ്പിക്കുന്നതാരെ?
(ആശാൻ, ഉള്ളൂർ, തകഴി, ചങ്ങമ്പുഴ)
4. അമ്മമാരുടെ ചിറകുവിട്ടുണരാൻ ആരോടാണ് പറയുന്നത്?
(വണ്ണാത്തിക്കിളികൾ, കുരുവികൾ, കോകിലങ്ങൾ)
5. 'ആ പൂമാല' ചങ്ങമ്പുഴയുടെ ഏതു കൃതിയിൽനിന്ന് എടുത്തിട്ടുള്ളതാണ്?
(തപ്തഹൃദയം, ബാഷ്പാഞ്ജലി, സോപാനം)

**b)** 1. ചിത്രീകരിക്കാൻ പാകത്തിൽ തിരക്കഥ തയ്യാറാക്കുമ്പോൾ അതിനെ എന്തു പറയുന്നു? **2½**
(ഷൂട്ടിങ്, സ്ക്രിപ്റ്റ്, ഷൂട്ടിങ് സ്ക്രിപ്റ്റ്, ലൊക്കേഷൻ)
2. ചിത്രീകരിക്കാൻ പാകത്തിൽ തിരക്കഥ തയ്യാറാക്കുന്നതിനെ പറയുന്ന പേരെന്ത്?
(ഷൂട്ടിങ്സ്ക്രിപ്റ്റ്, ഷോട്ട്, ക്ലാപ്പ്ബോർഡ്)
3. കഥകളിയുണ്ടെന്ന് അറിയിക്കാനായി സന്ധ്യക്ക് അമ്പലങ്ങളിൽ നിന്നും കേൾക്കുന്ന കൊട്ടിന് പറയുന്ന പേര്?
(ചെണ്ടകൊട്ട്, ചേങ്ങിലകൊട്ട്, പഞ്ചാരിമേളം, കേളികൊട്ട്)
4. പിതാവിനെ സംബന്ധിക്കുന്നത് എന്നതിന് എന്തു പറയും?
(ബൗദ്ധികം, പൈതൃകം, പിതൃകം, ഐതിഹ്യം)
5. 'കുംഭകർണസേവ' എന്ന ശൈലി ബന്ധപ്പെട്ടിരിക്കുന്നത്?
(മഹാഭാരതം, ഭാഗവതം, രാമായണം, കൃഷ്ണഗാഥ)

**VI. ഉത്തരം എഴുതുക.** **24**

**a)** 1. കൊച്ചു മാണിക്യക്കല്ലുകൾ കവിയുടെ മനസ്സിനെ കവരാതിരിക്കാൻ കാരണമെന്ത്?

2. ചെറുകിളികളോട് കവി പറയുന്നതെന്ത്?
3. 'സുപ്രഭാതത്തിൽ സുസ്മിതം' – ഈ വരിയുടെ പ്രയോഗഭംഗി കണ്ടെത്തി വിശദമാക്കുക.

**b)**1. സംവിധായകന്റെ ചുമതലകൾ എന്തെല്ലാം?
2. തകഴി ശിവശങ്കരപ്പിള്ള തന്റെ കഥകളിവേഷം ഊരി വെക്കാൻ ഇടയായ സാഹചര്യം എന്തായിരുന്നു?
3. ശൈലിയും പഴഞ്ചൊല്ലും തമ്മിലുള്ള വ്യത്യാസങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

**VII. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുക. 8**

1. പദ്യം പൂർത്തിയാക്കുക.
   " പൂർവദിങ്മുഖ..................... മുഗ്ധസംഗീതകന്ദളം."
2. "ആരുവാങ്ങു,മിന്നാരുവാങ്ങു, മീ
   യാരാമത്തിന്റെ രോമാഞ്ചം" ഈ വരികൾക്കു തുടർച്ചയായി സ്വന്തം വരികൾകൊണ്ട് കവിത എഴുതുക.
3. 'പ്രഭാതനക്ഷത്രം' എന്ന പാഠഭാഗത്തിന് യോജിച്ച മറ്റൊരു ശീർഷകം നൽകുക. നൽകിയ ശീർഷകം എത്രമാത്രം യോജിക്കുന്നു എന്നു വിശദീകരിക്കുക.